# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3503 – 15/03/2018 ലെ മറുപടിക്ക്**

# വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി ആനുകൂല്യം

**ചോദ്യം** **ഉത്തരം**

**ശ്രീ. ആർ. രാജേഷ്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി ആനുകൂല്യത്തിനായി അപേക്ഷ നൽകിയ വിദ്യാർത്ഥികളിൽ 2018 ജനുവരി 31 വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ elrs.kerala.gov.in എന്ന വെബ്പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അപേക്ഷ തയ്യാറാക്കിയെങ്കിലും അപേക്ഷകരുടെ സാങ്കേതിക പരിജ്ഞാനകുറവു മൂലം സമർപ്പിക്കാതെപോയ 2817 അപേക്ഷകളും സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. 20.11.2017 തീയതിയിലെ സർക്കുലർ നം. 81/2017/ധനം പ്രകാരം വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച്, ലഭിച്ച അപേക്ഷകൾ അതാതു ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ സർക്കാരിലേയ്ക്ക് സമർപ്പിച്ച് വരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട |
| ബി | സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ പദ്ധതിയുടെ നിബന്ധനകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; | |

| | | |
|---|---|---|
| | | എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്മേൽ വില്ലേജ് ഓഫീസറുടെയും ഗസറ്റഡ് ഓഫീസറുടെയും മേലൊപ്പ് വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. |
| സി | എസ്.ബി.റ്റി.യിൽ നിന്നും വായ്പ എടുത്ത വിദ്യാർത്ഥികളുടെ രേഖകൾ റിലയൻസിന് കൈമാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ കഴിയാത്തത്. |
| ഡി | പ്രസ്തുത വിദ്യാർത്ഥികൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കാൻ സാധിക്കാതെ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| ഇ | ഈ പ്രതിസന്ധി പരിഹരിച്ച് പ്രസ്തുത വിദ്യാർത്ഥികൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**